LIBRARY ARCHIVES Kerala Legislative Assembly

വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

189 (5542) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സാമ്പത്തിക ശാക്തീകരണംവഴി സ്ത്രീകളുടെ സ്വയംപര്യാപ്തത ലക്ഷ്യം വച്ചാണ് വനിതാ വികസന കോർപ്പറേഷൻ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള സ്ത്രീകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം, സുരക്ഷ എന്നിവയാണ് പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരിൽനിന്നും കൂടുതൽ സർക്കാർ ഗ്യാരണ്ടി നൽകുകയും കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളുമായി (ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ) ലെറ്റർ ഓഫ് ഇൻഡന്റ് ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തൽ

190 (5543) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അപേക്ഷ സമർപ്പിക്കേണ്ട വിധവും സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുന്നതിന് തടസ്സം ഉണ്ടോ;

(സി) ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളെ കൂടി സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുകയെന്നതാണ് സ്നേഹപൂർവ്വം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 2014-15 അദ്ധ്യയന വർഷം മുതൽ ഗവ./എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അപേക്ഷകൾ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവികൾ മുഖേന ഓൺലൈനായി സ്വീകരിക്കുന്നു. അപേക്ഷകരായ വിദ്യാർത്ഥികൾ വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം ചുവടെപ്പറയുന്ന സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം അപേക്ഷകൾ സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

1. ബി.പി.എൽ. റേഷൻകാർഡിന്റെ പകർപ്പ്/ബി.പി.എൽ. സാക്ഷ്യപത്രം അഥവാ എ.പി.എൽ. ആണെങ്കിൽ അംഗീകൃത വരുമാന സർട്ടിഫിക്കറ്റ് (കുടുംബ വാർഷിക വരുമാന പരിധി ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയും നഗരപ്രദേശങ്ങളിൽ 22,375 രൂപവരെയും ആയി നിശ്ചയിച്ചിട്ടുണ്ട്).
2. അപേക്ഷകന്റെ ആധാർ കാർഡിന്റെ പകർപ്പ്
3. പിതാവോ മാതാവോ മരണപ്പെട്ടതിന്റെ അംഗീകൃത മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്.
4. കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ കോർ ബാങ്കിംഗ് സംവിധാനമുള്ള നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിൽ ജോയിന്റ് അക്കൗണ്ട് എടുത്തതിന്റെ പകർപ്പ്.

വിദ്യാലയങ്ങളിൽ ചേർക്കാത്ത 5 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക് ഈ ധനസഹായത്തിന് നിശ്ചിത അപേക്ഷാഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യസുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ/എയ്ഡഡ് കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്നവരെയും സ്നേഹപൂർവ്വം പദ്ധതി ധനസഹായത്തിന് അർഹരാണ്. ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ

191 (5544) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്ന ലിംഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നയം രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇത്തരക്കാരുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാണോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭിന്ന ലിംഗക്കാരുടെ ക്ഷേമത്തിനായുള്ള നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ കേരളത്തിലെ ഭിന്ന ലിംഗക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സർവ്വേ നടത്തുകയും ആയതിൽനിന്നും സംസ്ഥാനത്തിൽ ആകെ ഏകദേശം നാലായിരത്തോളം ഭിന്നലിംഗക്കാർ ഉള്ളതായി കണക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

മാതൃകാ അങ്കണവാടികൾ

192 (5545) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാതൃക അംഗൻവാടികൾ നിർമ്മിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly